പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5919 — 25.05.2017 ൽ മറുപടിക്ക്

## മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| കണ്ണൂർ ജില്ലയിലെ മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനും അവിടെ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ? | 2017-18 ബഡ്ജറ്റിൽ 2250 - 00 - 103 - 85 എന്ന ശീർഷകത്തിൽ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2016 - 17 ൽ സാംസ്കാരിക വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപയുടെ വിഹിതം 31.03.2017 ൽ അക്കാദമിക്ക് കൈമാറി യിട്ടുണ്ട്. കോഴ്സുകൾ ആരംഭിക്കുന്നതടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായി 11.05.2017 ൽ ബഹു. സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ ജൂണിൽ തന്നെ ക്ലാസുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി. |

സെക്ഷൻ ഓഫീസർ